II ഇ.ബി.XIV-കേരള നിയമസഭ/IV-12

**പതിനാലാം കേരള നിയമസഭ**

നാലാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2017 മാർച്ച് 15, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

34(*331) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രവർത്തന മികവ് വർദ്ധിപ്പിക്കാൻ നടപടി

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) നൽകിയ മറുപടിയിൽ, കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളടങ്ങിയ പഠന റിപ്പോർട്ട് കോഴിക്കോട് ഐ.ഐ.എം. സമർപ്പിച്ചതായി സഭയെ അറിയിച്ചു. ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തൽ, ഉപഭോക്താക്കൾക്ക് കമ്പ്യൂട്ടർവത്കൃത സേവനങ്ങൾ ലഭ്യമാക്കൽ, കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഓഫീസുകളിലെ ആശയവിനിമയം മെച്ചപ്പെടുത്തൽ, വിവിധ ഓഫീസുകളുടെ പുന:സംഘടന, ജീവനക്കാരുടെ പുനർവിന്യാസം, കാര്യക്ഷമത

വർദ്ധിപ്പിക്കൽ, പരിശീലനം, റവന്യൂ ചെലവ് കുറയ്ക്കൽ, ചില തസ്തികകളിൽ യോഗ്യത പുനർനിർണ്ണയം ചെയ്യൽ, ഉദ്യോഗക്കയറ്റം, ആശ്രിത/സ്പോർട്സ് ക്വാട്ട നിയമനം, ചില തസ്തികകൾ നിർത്തലാക്കൽ, എണ്ണം കുറയ്ക്കൽ, ഏകീകരണം എന്നിവയാണ് പഠന റിപ്പോർട്ടിലെ മുഖ്യ നിർദ്ദേശങ്ങൾ. ടി റിപ്പോർട്ട് നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ചുമതലപ്പെടുത്തിയ കെ.എസ്.ഇ.ബി.എൽ. ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനായ ഒരു കമ്മിറ്റി ഐ.ഐ.എം. കോഴിക്കോട് ടീമുമായി 03-05-2016-ലും 21-02-2017-ലും നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ റിപ്പോർട്ടിൽപ്പെടാത്ത ചില മേഖലകളും വിഷയങ്ങളും ഉൾപ്പെടുത്തി സപ്ലിമെന്ററി റിപ്പോർട്ട് നൽകാൻ ഐ.ഐ.എം.-നോട് ആവശ്യപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം വൈദ്യുതി ഭവനിലെ ചില ഓഫീസുകൾകൂടി പഠന വിധേയമാക്കാനും കമ്പ്യൂട്ടർവത്കരിച്ചതിനുമുമ്പും ശേഷവും ആവശ്യമായ മാനവവിഭവശേഷി സംബന്ധിച്ച നിർദ്ദേശവും എഗ്രിമെന്റ് പ്രകാരം നൽകേണ്ട റിപ്പോർട്ടുകളും നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും സപ്ലിമെന്ററി റിപ്പോർട്ട് ലഭിച്ചതിനുശേഷം ഐ.ഐ.എം. ശിപാർശകളിന്മേൽ ബോർഡുതലത്തിൽ വിവിധ അംഗീകൃത ട്രേഡ് യൂണിയനുകളുമായും ഓഫീസർമാരുമായും

അസോസിയേഷനുകളുമായും ചർച്ച നടത്തി അഭിപ്രായ സമന്വയത്തിലൂടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ട മാറ്റങ്ങളോടെ നടപ്പാക്കുന്നതിനെക്കുറിച്ച് പരിശോധിക്കുമെന്നും മന്ത്രി വ്യക്തമാക്കി. മലബാർ മേഖലയിലും മലയോര പ്രദേശങ്ങളിലുമുള്ള ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കാൻ പുനർവിന്യാസം നടത്തുമെന്നും ഒഴിവുകൾ വരുന്ന മുറയ്ക്ക് നിയമനം നടത്തുമെന്നും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മസ്ദൂർ തസ്തികയിൽ 1000-ത്തിലധികം പേർക്കും സബ് എഞ്ചിനീയർ തസ്തികയിൽ ഏകദേശം 90 പേർക്കും നിയമനം നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ദീർഘകാല കരാറടിസ്ഥാനത്തിലും അല്ലാതെയും പുറത്തുനിന്ന് വൈദ്യുതി വാങ്ങി പവർകട്ട് ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുമെന്നും അനിവാര്യമായ സ്ഥലങ്ങളിൽ സെക്ഷൻ ഓഫീസുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും മന്ത്രി അറിയിച്ചു. എരുമേലി സബ്സ്റ്റേഷൻ ഉൾപ്പെടെ നിർമ്മാണത്തിലിരിക്കുന്ന സബ്സ്റ്റേഷനുകളുടെയും മുടങ്ങിക്കിടക്കുന്ന വൈദ്യുത പദ്ധതികളുടെയും പണി സമയബന്ധിതമായി പൂർത്തീകരിക്കുമെന്നും വൈദ്യുതാഘാതംമൂലം മരണപ്പെടുന്നവരുടെ കുടുംബത്തിന് ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. പാരമ്പര്യേതര ഊർജ്ജ

സ്രോതസ്സുകളുടെ സാധ്യത പ്രയോജനപ്പെടുത്തി വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വൈദ്യുതി വിനിയോഗം പരിമിതപ്പെടുത്തുന്നതിന്റെ ഭാഗമായി ജനങ്ങൾ/ജനപ്രതിനിധികളെ ഉൾപ്പെടുത്തി ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ടെന്നും തെരുവ് വിളക്കുകളുൾപ്പെടെ എൽ.ഇ.ഡി. ആക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും മാർച്ച് 31-നകം സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വൈദ്യുതി ബോർഡിനെ സ്വകാര്യവത്കരിക്കണമെന്ന കേന്ദ്ര നിർദ്ദേശത്തോട് വിയോജിപ്പാണുള്ളതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

35(*332) <u>സംസ്ഥാനം നിക്ഷേപ സൗഹൃദമാക്കുന്നതിന് സ്വീകരിച്ച നടപടികൾ</u>

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) നൽകിയ മറുപടിയിൽ, സംസ്ഥാനം നിക്ഷേപ സൗഹൃദമാക്കുന്നതിനായി വ്യാവസായിക പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിച്ച് സംരംഭകർക്ക് ഭൂമി അനുവദിച്ചിട്ടുണ്ടെന്നും ഇത്തരം ഭൂമിയിൽ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി റോഡുകൾ നവീകരിക്കുന്നതിനും വൈദ്യുതി, ജല ലഭ്യത, ഖര-ദ്രവ്യ മാലിന്യ നിർമ്മാർജ്ജനം, പൊതുസേവന കേന്ദ്രങ്ങളുടെ നിർമ്മാണം എന്നിവയ്ക്ക് ബഡ്ജറ്റിൽ സ്ഥിര വിഹിതം നൽകി പ്രവർത്തനങ്ങൾ നടത്തിവരുന്നതായും സഭയെ അറിയിച്ചു. കേരളത്തിൽ വ്യവസായം ആരംഭിക്കുന്നതിനും

സംസ്ഥാനത്തെ വ്യവസായസൗഹൃദ മേഖലയായി മാറ്റുന്നതിനുമായി നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും നടപടിക്രമങ്ങളിലും ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുന്നതിനായി 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് ' നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ടെന്നും കേന്ദ്ര സർക്കാരിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രൊമോഷന്റെ (ഡി.ഐ.പി.പി.) റാങ്കിംഗിന് അനുസൃതമായി കേരളത്തിൽ കൂടുതൽ വാണിജ്യ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനായി കെ.എസ്.ഐ.ഡി.സി.-യെ നോഡൽ ഏജൻസിയായി സർക്കാർ നിയോഗിച്ചിട്ടുണ്ടെന്നും ബന്ധപ്പെട്ട എല്ലാ വകുപ്പുകളിലെയും അപേക്ഷാ ഫോറങ്ങൾ ഏകീകരിച്ച് ഓൺലൈൻവഴി പൊതു അപേക്ഷാ ഫോറം (സി.എ.എഫ്.) നടപ്പിലാക്കുന്നതിനായി എൻ.ഐ.സി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കെട്ടിട നിർമ്മാണ പ്ലാൻ അംഗീകരിക്കുന്നതിനും അനുമതി പത്രം വേഗത്തിൽ ലഭ്യമാക്കുന്നതിനും ഇന്റലിജൻസ് സോഫ്റ്റ്വെയർ പദ്ധതി നടപ്പിലാക്കുന്നതാണ്. നിലവിലുള്ള ഏകജാലക ക്ലിയറൻസ് സംവിധാനം ഇൻവെസ്റ്റ്മെന്റ് ആന്റ് ഫെസിലിറ്റേഷൻ സെന്റർ (ഐ.പി.എഫ്.സി.) വഴി ശാക്തീകരിക്കുകയും ബന്ധപ്പെട്ട വകുപ്പുകളുടെ പ്രതിനിധികൾ ഉൾപ്പെട്ട ഒരു സ്ഥിരം സെൽ രൂപീകരിക്കുകയും ചെയ്യുന്നതാണ്. വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള National Industrial Corridor Development and Implementation Trust

(NICDIT)-ന് വിവരങ്ങൾ സമർപ്പിക്കാനായി കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ദ്ധ ഉപദേശക ഏജൻസിയെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യവസായം ആരംഭിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി വ്യവസായ പാർക്കുകൾ സ്ഥാപിച്ച് കിൻഫ്ര വ്യവസായ നിക്ഷേപങ്ങൾ ആകർഷിക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് മേഖലകളെ വ്യവസായ വികസന മേഖലയാക്കുകയും വ്യവസായ പാർക്ക്, മെഗാ ഫുഡ് പാർക്ക്, ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, ഡിഫൻസ് പാർക്ക്, സ്പൈസസ് പാർക്ക്, അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, കൊരട്ടി പാർക്കിന്റെ രണ്ടാംഘട്ട വികസനം, ഫിലിം & വീഡിയോ പാർക്കിലെ പ്രത്യേക സാമ്പത്തിക മേഖലയുടെ രണ്ടാംഘട്ട വികസനം, ഗ്ലോബൽ ആയുർവ്വേദ വില്ലേജ്, ഫുട്ട്‌വെയർ ക്ലസ്റ്റർ എന്നിവ പ്രാവർത്തികമാക്കുകയുമാണ് വ്യവസായ സൗഹൃദ അന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി കിൻഫ്ര മുഖേന നടപ്പിലാക്കാനുദ്ദേശിക്കുന്നത്. വ്യവസായ സംരംഭകർക്ക് ഏകജാലക സംവിധാനംവഴി വ്യവസായം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ അനുമതികളും ലഭിക്കുന്നതിനുള്ള സംവിധാനം വ്യവസായ പാർക്കുകളിൽ നടപ്പിലാക്കിയിട്ടുണ്ടെന്നും പ്രവാസികൾക്ക് വ്യവസായ സംരംഭം

ആരംഭിക്കാൻ ബാങ്ക് വായ്പ ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു. പൊതുമേഖലയിൽ ധാതുമണൽ ഖനനം ആരംഭിക്കുമെന്നും മാർക്കറ്റ് വില നൽകി വ്യവസായ സംരംഭത്തിനുള്ള ഭൂമി ഏറ്റെടുക്കുമെന്നും മലിനീകരണ സാധ്യത കുറഞ്ഞ ആധുനിക വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകുമെന്നും പൊതുമേഖലാ വ്യവസായ സംരംഭങ്ങൾക്ക് ഈ വർഷം ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും ശാക്തീകരണത്തിനുമായി റിയാബ് സമർപ്പിച്ച ശിപാർശകൾ പരിശോധിക്കുമെന്നും മന്ത്രി വ്യക്തമാക്കി. BEL-ന്റെ പ്രതിസന്ധി കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുമെന്നും കാസർഗോഡ് ജില്ലയിലെ വ്യാവസായിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നും കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ പാലക്കാട് മെഗാഫുഡ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുമെന്നും റാന്നിയിൽ റബ്ബർ പാർക്ക് ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറിയും ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡും പൊതുമേഖലയിൽ നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

36(*333) <u>വ്യവസായ മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് പദ്ധതികൾ</u>

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ വ്യവസായ മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന്റെ ഭാഗമായി കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് അസിസ്റ്റൻസ് സ്കീം ഫോർ ഹാന്റിക്രാഫ്റ്റ് ആർട്ടിസാൻസ് (ASHA) പദ്ധതിയും വ്യവസായ സഹകരണ സംഘങ്ങളുടെയും ബീഡിത്തൊഴിലാളികളുടെയും പുനരുദ്ധാരണത്തിനായി പുതിയ പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ടെന്നും ബനാന ഫൈബർ, കളിമൺ വ്യവസായം, സ്ക്രൂപൈൻ, മറ്റ് പ്രകൃതിദത്ത നാരുകൾ, ബെൻ മെറ്റൽ തുടങ്ങിയ മേഖലകളിലെ തൊഴിലാളി ക്ഷേമത്തിനായി കരകൗശല വ്യവസായ ക്ലസ്റ്ററുകൾ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമെന്നും സഭയെ അറിയിച്ചു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ടെന്നും വ്യവസായ ഉത്പന്നങ്ങൾക്ക് അന്തർദേശീയ-ദേശീയ വിപണി കണ്ടെത്തുന്നതിന് 'വ്യാപാർ 2017' നടത്തിയതായും കാർഷികോല്പന്നങ്ങളിൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണം

പ്രോത്സാഹിപ്പിക്കുന്നതിന് 'അഗ്രോ ഫുഡ് പ്രൊ 2017' എറണാകുളത്ത് സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. ചില വ്യവസായങ്ങളെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി സംരംഭക സഹായ പദ്ധതി മുഖേന അധിക സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനായി ജില്ലകൾതോറും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പരിപാടി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ ഉല്പന്ന വിപണന മേളകൾ തുടങ്ങിയ പരിപാടികൾ നടത്തുകയും സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾവഴി ധനസഹായം നൽകിവരികയും ചെയ്യുന്നുണ്ട്. കൈത്തറി വ്യവസായ മേഖല അഭിവൃദ്ധിപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച "സ്കൂൾ യൂണിഫോം പദ്ധതി" പ്രകാരം ഒന്നു മുതൽ അഞ്ചുവരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് യൂണിഫോം സൗജന്യമായി നൽകുന്നുണ്ടെന്നും അടുത്ത വർഷം മുതൽ ഒന്നുമുതൽ എട്ടുവരെ ക്ലാസ്സുകളിലെ കുട്ടികൾക്കും സൗജന്യ യൂണിഫോം നൽകാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ഖാദി വ്യവസായ മേഖലയിൽ കൂടുതൽ

തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ 'ഖാദി ഗ്രാമം പദ്ധതി' നടപ്പിലാക്കി വരുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് 50:50 അനുപാതത്തിൽ വ്യവസായ അടിസ്ഥാന സൗകര്യ വികസനത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ഖാദി, കൈത്തറി, കാർഷികോൽപ്പന്നങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, പരമ്പരാഗത ഭക്ഷണം, കലാരൂപങ്ങൾ തുടങ്ങിയവ പ്രദർശിപ്പിക്കുന്നതിന് 'മാമാങ്കം' എന്ന പേരിൽ മേള സംഘടിപ്പിക്കാൻ ആലോചിക്കുന്നുണ്ടെന്നും ഇന്റഗ്രേറ്റഡ് ഹാൻഡ്‌ലൂം വില്ലേജ് പദ്ധതി ചേന്ദമംഗലത്ത് നടപ്പിലാക്കിവരുന്നുണ്ടെന്നും കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തോടെ കൈത്തറി മേഖലയിൽ "കേരള ഹാൻഡ്‌ലൂംസ്" എന്ന ബ്രാൻഡ് ഡെവലപ് ചെയ്ത് 75 തരം കൈത്തറി ഉത്പന്നങ്ങളെ സ്റ്റാൻഡേർഡൈസ് ചെയ്തിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കേരളത്തിന്റെ കരകൗശല വസ്തുക്കളിൽ തെരഞ്ഞെടുത്തവ കേരള സുവനീറുകളായി നിശ്ചയിച്ച് നിശ്ചിത ഗുണനിലവാരം ഉറപ്പാക്കി മാർക്കറ്റ് ചെയ്യുന്നതിന് വിനോദസഞ്ചാര മേഖലയുമായി യോജിച്ച് പ്രവർത്തിക്കുന്നതിനുള്ള

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ 41 പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ 11 എണ്ണം ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നും ബാംബൂ കോർപ്പറേഷനിൽ ഉല്പന്ന വൈവിദ്ധ്യവത്കരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും കേരളത്തിലെ ടെക്സ്റ്റൈൽ മില്ലുകൾ പ്രവർത്തിപ്പിക്കാനാവശ്യമായ സാമ്പത്തിക സഹായം നൽകിയിട്ടുണ്ടെന്നും ഉദുമയിലേയും പിണറായിയിലേയും ടെക്സ്റ്റൈൽ മില്ലുകൾ തുറന്ന് പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണെന്നും ടെക്സ്റ്റൈൽ മില്ലുകളുടെ നവീകരണത്തിനാവശ്യമായ പരിഹാര മാർഗ്ഗങ്ങൾ നിശ്ചയിക്കുന്നതിനായി നിയോഗിച്ച കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുമെന്നും സെൻട്രൽ പർച്ചേസ് വ്യവസ്ഥയിൽ കോട്ടൺ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. 600 ഏക്കർ സ്ഥലം ഏറ്റെടുത്ത് കൊച്ചിൻ റിഫൈനറിയിലെ ബൈ പ്രോഡക്റ്റ്സ് ഉപയോഗിച്ച് ഉപോല്പന്നങ്ങൾ നിർമ്മിക്കുന്ന സംരംഭം ആരംഭിക്കാനുള്ള നടപടികളും മലബാർ സിമന്റ്സിന്റെ ഉത്പാദനശേഷി വർദ്ധിപ്പിച്ച് തെക്കൻ ജില്ലകളിൽകൂടി മാർക്കറ്റ് വിപുലപ്പെടുത്തുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്. ട്രാവൻകൂർ ടൈറ്റാനിയം

പ്രോഡക്ട്സ് ലിമിറ്റഡിന്റെ പ്രവർത്തനത്തിനാവശ്യമായ ഇൽമനൈറ്റ് ലഭ്യമാകുന്നുണ്ടെന്നും വ്യവസായ എസ്റ്റേറ്റുകളിലെ ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ചും ഏരിയയെ സംബന്ധിച്ചുമുള്ള വിവരം ശേഖരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും വ്യവസായ സംരംഭങ്ങളുടെ പശ്ചാത്തല സൗകര്യങ്ങളിലെ അപര്യാപ്തത പരിഹരിക്കുമെന്നും വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട കാലതാമസം ഒഴിവാക്കാൻ ഏകജാലക സംവിധാനം ഏർപ്പെടുത്തുമെന്നും കഞ്ചിക്കോട് വ്യവസായ മേഖലയെ എറണാകുളം വല്ലാർപാടം കണ്ടെയ്നറുമായി ബന്ധിപ്പിക്കുന്നതിന് Industrial Corridor സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3765 മുതൽ 4010 വരെയുള്ള ചോദ്യങ്ങളിൽ 155 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)